P
No. CEE/4600/2019/KEAM-2020/TA4

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

പത്രക്കുറിപ്പ്

കീം–2020
കേരള എഞ്ചിനീയറിംഗ്/ഫാർമസി/ആർക്കിടെക്ചർ/മെഡിക്കൽ & മെഡിക്കൽ അനുബന്ധ കോഴ്സുകളുടെപ്രവേശനം – സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന സംവരണേതര വിഭാഗക്കാർക്കുള്ള (EWS) സർട്ടിഫിക്കറ്റുകൾ സംബന്ധിച്ച്

2020–21 വർഷത്തെ കേരള എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ഫാർമസി/മെഡിക്കൽ & മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനത്തിന് ഓൺലൈനായി അപേക്ഷ സമർപ്പിച്ച വിദ്യാർത്ഥികളിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന സംവരണേതര വിഭാഗക്കാരായ (EWS) വിദ്യാർത്ഥികൾക്ക് സംവരണം ചെയ്യപ്പെട്ട സീറ്റുകളിലേക്ക് ആവശ്യമായ സർട്ടിഫിക്കറ്റുകൾ പുതുതായി സമർപ്പിക്കുന്നതിന് അവസാനമായി ഒരവസരം കൂടി നൽകുന്നു. ഇതുവരെയും പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റ് വഴി EWS സർട്ടിഫിക്കറ്റുകൾ സമർപ്പിക്കാത്തവർക്ക് 28.09.2020 മുതൽ EWS സർട്ടിഫിക്കറ്റുകൾ സമർപ്പിക്കാവുന്നതാണ്. ആയതിനാൽ ഇനിയും EWS സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ലാത്തവർ പ്രസ്തുത സർട്ടിഫിക്കറ്റ് വാങ്ങി നിശ്ചിത തീയതിക്കുള്ളിൽ തന്നെ ഓൺലൈനായി സമർപ്പിക്കേണ്ടതാണ്. ഉടൻ തന്നെ കാറ്റഗറി ലിസ്റ്റ് പ്രസിദ്ധീകരിക്കാനുള്ളതിനാൽ EWS സർട്ടിഫിക്കറ്റ് സമർപ്പിക്കുന്നതിന് ഇനി ഒരവസരം നൽകുന്നതല്ല. ഇതു സംബന്ധിച്ച് വിശദമായ വിജ്ഞാപനം പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ പിന്നീട് പ്രസിദ്ധീകരിക്കുന്നതാണ്.

ഹെൽപ്പ് ലൈൻ നമ്പർ : 0471 2525300

Seetha

പ്രവേശന പരീക്ഷാ കമ്മീഷണർ

തിരുവനന്തപുരം
25.09.2020